# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) 2026-27 ലെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച പാർലമെന്റിൽ ഇന്നും തുടരും. പ്രതിപക്ഷത്തിൻറെ അവിശ്വാസ പ്രമേയത്തിൽ തീരുമാനമാകുന്നത് വരെ സഭാ നടപടികളിൽ പങ്കെടുക്കില്ലെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

**Both the houses of parliament will resume the discussion on the Union Budget 2026-27 today. Lok Sabha Speaker Om Birla has decided on moral grounds that he will not attend the proceedings of the House till the no-confidence motion notice brought by the Opposition against him is resolved.**

2) **AI** നിർമിത ഡീപ്ഫേക്ക് ഉള്ളടക്കങ്ങൾ മൂന്ന് മണിക്കൂറിനുള്ളിൽ സമൂഹ മാധ്യമങ്ങളിൽ നിന്ന് നീക്കണമെന്ന് നിർദേശം നൽകി കേന്ദ്രസർക്കാർ.

**Government sets three-hour deadline for social media platforms to take down AI-generated or deepfake content.**

3) തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് അസമിൽ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. പശ്ചിമ ബംഗാളിൽ അന്തിമ വോട്ടർ പട്ടിക ഈ മാസം 28 നു പ്രസിദ്ധീകരിക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Election Commission publishes final voter list for Special Revision in Assam; Extends final publication of electoral rolls in West Bengal in relation to SIR to 28th February**

4) പണരഹിത ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നതിനായി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ, ജനറൽ ഇൻഷുറൻസ് കൗൺസിലുമായി ധാരണാപത്രം ഒപ്പുവച്ചു.

**All India Institute of Ayurveda (AIIA) under the Ministry of Ayush today signed a Common Empanelment Memorandum of Understanding (MoU) with the General Insurance Council (GIC) in New Delhi.**

5) കേരളത്തിലെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള വൈഗ കാർഷിക പ്രദർശന വിപണന മേള മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

**Chief Minister Pinarayi Vijayan will inaugurate the Vaiga Agricultural Exhibition and Marketing Fair, which aims to ensure better income for farmers in Kerala, in Thiruvananthapuram today.**

6) ന്യൂഡൽഹിയിൽ നടക്കുന്ന ഏഷ്യൻ റൈഫിൾ/പിസ്റ്റൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പ്രാച്ചി ഗെയ്ക്‌വാദിന് സ്വർണം.

**In Asian Rifle/Pistol Championship, Prachi Gaikwad clinched the gold medal.**

************************************

## PARLIAMENT

2026-27 ലെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും തുടരും. ലോക്സഭയിൽ കോൺഗ്രസ് എംപി ശശി തരൂരാണ് ഇന്നലെ ബജറ്റിൻമേലുള്ള ചർച്ചയ്ക്ക് തുടക്കമിട്ടത്. നികുതി വരുമാനം മാറ്റമില്ലാതെ തുടരുന്നതായി പറഞ്ഞ അദ്ദേഹം ബജറ്റ് കോർപ്പറേറ്റുകളെക്കാൾ സാധാരണ ജനങ്ങളിലേക്ക് നികുതി ഭാരം ചുമത്തിയതായി പറഞ്ഞു. ലോകം രാഷ്ട്രീയമായും സാമ്പത്തികമായും കലുഷിതമായ കാലഘട്ടത്തിൽ, ഇന്ത്യ സൂക്ഷ്മ സാമ്പത്തിക വളർച്ചയുടെയും സ്ഥിരതയുടെയും കേന്ദ്രമായി നിലകൊള്ളുകയാണെന്ന് രാജ്യസഭയിൽ ശിവസേന

എംപി മിലിന്ദ് ദിയോറ പറഞ്ഞു. അതേസമയം പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയ നോട്ടീസിൽ തീരുമാനമാകുന്നത് വരെ സഭയുടെ നടപടിക്രമങ്ങളിൽ പങ്കെടുക്കില്ലെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അറിയിച്ചു. ഇന്നലെയാണ് സ്പീക്കർക്കെതിരെ 118 അംഗങ്ങൾ ഒപ്പിട്ട അവിശ്വാസ പ്രമേയ നോട്ടീസ് പ്രതിപക്ഷം ലോക്സഭാ സെക്രട്ടറി ജനറലിന് സമർപ്പിച്ചത്.

**********************************

## IT ACT RULES

സർക്കാർ നിർദേശിക്കുകയോ കോടതി ഉത്തരവിടുകയോ ചെയ്താൽ, നിർമിത ബുദ്ധി - ഡീപ്ഫേക്ക് ഉള്ളടക്കങ്ങൾ മൂന്ന് മണിക്കൂറിനുള്ളിൽ നീക്കണമെന്ന് സമൂഹ മാധ്യമങ്ങൾക്ക് നിർദേശം നൽകി കേന്ദ്രസർക്കാർ. എ.ഐ. ഉള്ളടക്കങ്ങളുടെ ദുരുപയോഗം തടയാൻ ലക്ഷ്യമിട്ട് ഐ.ടി. നിയമം 2021-ൽ സർക്കാർ ഭേദഗതി വരുത്തി. ഉള്ളടക്കങ്ങളിൽ ചേർത്തിട്ടുള്ള എഐ ലേബലുകളോ മെറ്റാഡാറ്റയോ നീക്കം ചെയ്യാനോ മറച്ചുവെക്കാനോ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ അനുവദിക്കരുതെന്നും ഉത്തരവിൽ പറയുന്നു. പുതിയ നിയമങ്ങൾ ഈ മാസം 20 മുതൽ പ്രാബല്യത്തിൽ വരും.

**********************************

## INDIA-UK AGREEMENT( INTRO)

സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട കരാറിൽ ഇന്ത്യ, യുകെയും വടക്കൻ അയർലൻഡുമായി കരാറിൽ ഒപ്പുവച്ചു. വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രിയും ഇന്ത്യയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ലിൻഡി കാമറൂണും ന്യൂഡൽഹിയിലാണ് കരാറിൽ ഒപ്പുവച്ചത്. **വിശദാംശങ്ങളിലേക്ക് ..............**

**(വോയ്സ്)**

ഹ്രസ്വകാല നിയമങ്ങളിൽ എത്തുന്ന ഇരു രാജ്യങ്ങളിലെയും ജീവനക്കാർക്ക് 36 മാസം വരെ ഇരട്ടി സാമൂഹിക സുരക്ഷാ

സംഭാവനകൾ ഒഴിവാക്കാനാണ് കരാർ ലക്ഷ്യമിടുന്നതെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. യുകെയുമായുള്ള ഇന്ത്യയുടെ വ്യാപാര കരാറിന്റെ ഭാഗമാണ് ഈ കരാർ എന്നും സമഗ്ര സാമ്പത്തിക വ്യാപാര കരാറിനൊപ്പം ഇതും പ്രാബല്യത്തിൽ വരുമെന്നും മന്ത്രാലയം അറിയിച്ചു. ബ്രിക്സ് ഷെർപ്പ യോഗത്തിൽ പങ്കെടുക്കാൻ ഇന്ത്യയിലെത്തിയ ചൈനയുടെ എക്സിക്യൂട്ടീവ് വൈസ് ഫോറിൻ മിനിസ്റ്ററുമായി ശ്രീ മിശ്രി നയതന്ത്ര സംഭാഷണവും നടത്തി. ആഗോള, പ്രാദേശിക സാഹചര്യങ്ങളെക്കുറിച്ചും ബഹുമുഖ വിഷയങ്ങളെക്കുറിച്ചും ഇരുവരും ചർച്ച ചെയ്തു. **ന്യൂസ്ഡെസ്ക് ആകാശവാണി .**

***********************************

## JAISHANKAR-BRICS SHERPAS

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്നലെ ബ്രിക്സ് 2026 ഷെർപ്പകളുമായും വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുമായും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. 20 വർഷം പൂർത്തിയാക്കുന്ന ബ്രിക്സ്, അന്താരാഷ്ട്ര സഹകരണത്തിനും ഏകോപനത്തിനുമുള്ള സുപ്രധാന വേദിയായി നിലകൊള്ളുന്നതായി ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. ബ്രിക്സ് 2026 ലെ മുൻഗണന വിഷയങ്ങളായ പ്രതിരോധശേഷി, സുസ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രതിനിധികൾ മുന്നോട്ടു വച്ച നിർദ്ദേശങ്ങളും കാഴ്ചപ്പാടുകളും സ്വാഗതം ചെയ്യുന്നതായി വിദേശകാര്യമന്ത്രി പറഞ്ഞു.

***********************************

## SPECIAL REVISION -ASSAM

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് അസമിലെ 126 നിയമസഭാ മണ്ഡലങ്ങളെയും ഉൾപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ 2026-ലെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. പുതിയ പട്ടിക പ്രകാരം ആകെ വോട്ടർമാരുടെ എണ്ണം 2 കോടി 49 ലക്ഷത്തി 58,139 ആണ്. കരട് പട്ടികയിൽ നിന്ന് 2 ലക്ഷത്തി 43,485

വോട്ടർമാരുടെ പേരുകൾ ഒഴിവാക്കപ്പെട്ടു. പുതിയ പട്ടികയിൽ പരാതിയുള്ളവർ 15 ദിവസത്തിനുള്ളിൽ ജില്ലാ മജിസ്ട്രേറ്റിനും, 30 ദിവസത്തിനുള്ളിൽ സിഇഒ ക്കും അപ്പീൽ നൽകണം .

************************************

## WB-SIR

സുപ്രീം കോടതി ഉത്തരവ് പ്രകാരം പശ്ചിമ ബംഗാളിൽ എസ്ഐആറുമായി ബന്ധപ്പെട്ട അന്തിമ വോട്ടർ പട്ടിക ഈ മാസം 28 നു പ്രസിദ്ധീകരിക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. SIR ന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ ഒരാഴ്ച കൂടി നീട്ടാൻ കഴിഞ്ഞദിവസം സുപ്രീം കോടതി ഉത്തരവിട്ടിരുന്നു. അന്തിമ വോട്ടർപട്ടിക ഈ മാസം 14 ന് പുറത്തിറക്കാനായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്.

************************************

## S I R

തീവ്ര വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 62 നിയമസഭ നിയോജകമണ്ഡലങ്ങൾ ഹിയറിങ്ങ് നോട്ടീസ് കൈപ്പറ്റിയ മുഴുവൻ പേരുടേയും ഹിയറിങ്ങ് പൂർത്തിയാക്കിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. അന്തിമ വോട്ടർപട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

************************************

## BREAK

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

**(ബ്രേക്ക്)**

************************************

## AYUSH - MoU

ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ, ജനറൽ ഇൻഷുറൻസ് കൗൺസിലുമായി ന്യൂഡൽഹിയിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. കരാറിലൂടെ ആയുർവേദ അധിഷ്ഠിത ആരോഗ്യ സേവനങ്ങൾക്ക് 32 ജനറൽ ഇൻഷുറൻസ് കമ്പനികൾ വഴി പണരഹിത ആരോഗ്യ പരിരക്ഷ സൗകര്യങ്ങൾ ലഭ്യമാക്കും. ആയുർവേദത്തെ മുഖ്യധാരാ ആരോഗ്യ ഇൻഷുറൻസ് ആവാസവ്യവസ്ഥയുമായി സംയോജിപ്പിക്കുന്നതിനുള്ള സുപ്രധാന നാഴികക്കല്ലാണിതെന്ന് മന്ത്രാലയം വ്യക്തമാക്കി.

************************************

## DEFENCE DRAFT

സായുധ സേനകളുടെ സംയുക്ത പ്രവർത്തനങ്ങൾ, സ്വയംപര്യാപ്തത, ആധുനികവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഡിഫൻസ് അക്വിസിഷൻ നടപടിക്രമം -2026 ന്റെ കരട് തയ്യാറാക്കി പ്രതിരോധ വകുപ്പ്. പുതിയ കരട്, ഇന്ത്യയുടെ പ്രതിരോധ വ്യവസായത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഇതുസംബന്ധിച്ച അഭിപ്രായങ്ങളും നിർദേശങ്ങളും അടുത്ത മാസം 3-ന് മുമ്പ് മന്ത്രാലയത്തിന്റെ വെബ്സൈറ്റിലൂടെ അറിയിക്കാവുന്നതാണ്.

************************************

## SHAH- CYBER (INTRO)

സൈബർ സുരക്ഷയെക്കുറിച്ച് രാജ്യത്തെ പൗരന്മാർക്കിടയിൽ കൂടുതൽ അവബോധം വളർത്തേണ്ടതുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നത് ലക്ഷ്യമിട്ടുള്ള ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വർത്തമാന കാലത്ത് സൈബർ

സുരക്ഷ ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

************************************

## VAIGAI MELA

സംസ്ഥാന കാർഷിക വികസന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വൈഗ കാർഷിക പ്രദർശന വിപണന മേളയുടെ ഏഴാം പതിപ്പിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. വനിതാ കർഷകരുടെ വിജയഗാഥകൾ ഉൾക്കൊള്ളിച്ചു തയ്യാറാക്കിയ പുസ്തകം മുഖ്യമന്ത്രി പ്രകാശനം ചെയ്യും. കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർധനവ്, സംസ്കരണം, വിപണനം എന്നിവയിലൂടെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുക, സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക എന്നിവയാണ് മേളയുടെ പ്രധാന ലക്ഷ്യങ്ങൾ.

************************************

## MACRON VISIT

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോ ഈ മാസം 17 ന് ഇന്ത്യയിലെത്തും. 19 ന് ന്യൂഡൽഹിയിൽ നടക്കുന്ന AI ഇംപാക്ട് ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. ഇന്തോ-പസഫിക് മേഖലയിലെ സഹകരണം ഉൾപ്പെടെ പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫ്രഞ്ച് പ്രെസിഡന്റും ചർച്ച ചെയ്യും. ഇന്ത്യ-ഫ്രാൻസ് ഇന്നൊവേഷൻ വർഷത്തിന്റെ സംയുക്ത ഉദ്ഘാടനം നിർവഹിക്കാനായി ഇരു നേതാക്കളും മുംബൈ സന്ദർശിക്കും.

************************************

## ISRAEI PM-TRUMP

ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ഇന്ന് വാഷിംഗ്ടണിൽ കൂടിക്കാഴ്ച നടത്തും. ഇറാന്റെ ബാലിസ്റ്റിക് മിസൈൽ പദ്ധതിയിൽ കൂടുതൽ കർശനമായ നിലപാട് സ്വീകരിക്കുന്നതിനെക്കുറിച്ച് കൂടിക്കാഴ്ചയിൽ ചർച്ച ചെയ്യും.

***********************************

## ASIAN RIFLE/PISTOL CHAMPIONSHI

ന്യൂഡൽഹിയിൽ നടക്കുന്ന ഏഷ്യൻ റൈഫിൾ/പിസ്റ്റൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പ്രാച്ചി ഗെയ്ക്വാദിന് സ്വർണം . ജൂനിയർ വനിതാ 50 മീറ്റർ റൈഫിൾ ത്രീ-പൊസിഷനിലാണ് ഇന്ത്യൻ താരത്തിന്റെ സ്വർണ നേട്ടം. ടീം ഇവന്റിൽ പ്രാച്ചി ഗെയ്ക്വാദ്, അനുഷ്ക തോക്കൂർ, ഹേസൽ എന്നിവരുടെ സംഘം സ്വർണം സ്വന്തമാക്കി. ഇതോടെ ഇന്ത്യയുടെ സ്വർണനേട്ടം 39 ആയി.

***********************************

## ICC MENS T20 WORLD CUP

ഐസിസി പുരുഷ ട്വന്റി ട്വന്റി ലോകകപ്പിൽ പാകിസ്ഥാൻ യുഎസ്എയെ 32 റൺസിന് പരാജയപ്പെടുത്തി. ഇന്നലെ കൊളംബോയിൽ നടന്ന ഗ്രൂപ്പ് എ മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ നിശ്ചിത ഇരുപത് ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 190 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ യുഎസ്എക്ക് ഇരുപത് ഓവറിൽ എട്ട് വിക്കറ്റിന് 158 റൺസ് നേടാനെ സാധിച്ചുള്ളു. ഇന്ന് നടക്കുന്ന മത്സരത്തിൽ, ദക്ഷിണാഫ്രിക്ക - അഫ്ഗാനിസ്ഥാനെയും, ഓസ്ട്രേലിയ- അയർലൻഡിനെയും, ഇംഗ്ലണ്ട് -വെസ്റ്റ് ഇൻഡീസിനെ നേരിടും.

***********************************

## KERALA UNIVERSITY

കേരള സർവകലാശാലയിലെ നിലവിലെ സർവകലാശാല യൂണിയൻ അസാധുവാക്കി വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ ഉത്തരവിറക്കി. പുതിയ യൂണിയൻ തിരഞ്ഞെടുപ്പിനായി ജനറൽ കൗൺസിൽ രൂപീകരിക്കുമെന്നും വിസി അറിയിച്ചു. യൂണിയന്റെ കാലാവധി അവസാനിച്ചതിനാൽ സ്വാഭാവിക നടപടി മാത്രമാണിതെന്നാണ് സർവകലാശാലയുടെ വിശദീകരണം.

***********************************

## DGCA-BARAMATI CRASH AUDIT

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ മരണത്തിനിടയാക്കിയ ബരാമതി വിമാനാപകടത്തിന്റെ പശ്ചാത്തലത്തിൽ നോൺ-ഷെഡ്യൂൾഡ് വിമാന, ഹെലികോപ്റ്റർ ഓപ്പറേറ്റർമാരുടെ പ്രത്യേക സുരക്ഷാ ഓഡിറ്റ് നടത്താനൊരുങ്ങി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ. ഓഡിറ്റ് പൂർത്തിയായ തീയതി മുതൽ 10 ദിവസത്തിനുള്ളിൽ പരിശോധനാ റിപ്പോർട്ടുകൾ സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ബാരാമതിയിൽ തകർന്നുവീണ വിമാനം ഉൾപ്പെടുന്ന VSR ഏവിയേഷന്റെ പ്രത്യേക ഓഡിറ്റിന് ആറ് അംഗ സംഘത്തെയും നിയോഗിച്ചിട്ടുണ്ട്.

***********************************

## KERALA HEAT WAVE

കേരളത്തിൽ ചൂട് കൂടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നൽകി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. പകൽ 11 മുതൽ 3 മണി വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് കൂടുതൽ സമയം സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശത്തിൽ പറയുന്നു. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കുന്നത് തുടരണമെന്നും നിർദ്ദേശമുണ്ട്.

************************************************************************************************